ഐസിഡിഎസ് ബി3/2841/20

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
ഫോൺ 0417-2346508
ഈ-മെയിൽ- wcdicdsb4@gmail.com
തീയതി : 16.02.2021

# പരിപത്രം

വിഷയം : വ.ശി.വി.വ-ഐസിഡിഎസ്-WBNP പദ്ധതി പ്രകാരം അരി / ഗോതമ്പ് കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകാത്തത് -അരി/ അമൃതം ന്യൂട്രിമിക്സ് പകരം ക്രമീകരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന :

കേന്ദ്ര സർക്കാരിൽ നിന്നും 202-21 4th ക്വാർട്ടറിൽ അരി/ ഗോതമ്പ് എന്നിവ ലഭ്യമാകാത്ത സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന ക്രമീകരണങ്ങൾ അടിയന്തിരമായി നടപ്പിൽ വരുത്തേണ്ടതാണ്

- 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് നിലവിൽ THR ആയി നൽകിവരുന്ന അരി വിതരണം തടസ്സപ്പെടാതിരിക്കുന്നതിനു അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഉടൻ തന്നെ കൂടിയാലോചിച്ച് തദ്ദേശ സ്ഥാപന വിഹിതം ഉയർത്തി അരി വിതരണം ചെയ്യുന്നതിന് വേണ്ട സാധ്യത പരിശോധിച്ച് നടപ്പിലാക്കേണ്ടതാണ്.
- ഇതു പോലെ തന്നെ ന്യൂട്രിമിക്സ് നിർമാണം തടസ്സപ്പെടുന്ന സാഹചര്യമുണ്ടെങ്കിൽ, 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് നല്കാൻ കഴിയുന്ന പോഷക സമൃദ്ധമായ ഭക്ഷണ പദാർത്ഥങ്ങൾ (റാഗി, ശർക്കര മുതലായവ)ലഭ്യതയുടെയും, തദ്ദേശീയ താല്പര്യങ്ങളുടെയും അടിസ്ഥാനത്തിൽ അമൃതം ന്യൂട്രിമിക്സിനു പകരമായി THR ആയി നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ലഭ്യമാകുന്ന പക്ഷം ബന്ധപ്പെട്ട സൂപ്പർവൈസർമാർ നടപടി സ്വീകരിക്കേണ്ടതാണ് .

- കേന്ദ്ര സർക്കാരിൽ നിന്നും ഗോതമ്പ് ലഭിക്കാത്തതിനാൽ 6 മാസം മുതൽ 3വയസ്സ് വരെയുള്ള കുട്ടികൾക്ക് നൽകി വരുന്ന ന്യൂട്രിമിക്സ് വിതരണം തടസ്സപ്പെട്ടുമെന്നതിനാൽ 2020-21 3rd ക്വാർട്ടറിൽ കുടുംബശ്രീയ്ക്ക് അനുവദിച്ച ഗോതമ്പിന്റെ സ്റ്റോക്ക് പൂർത്തിയാകുന്നത് വരെ മാത്രം ന്യൂട്രിമിക്സ് നിർമ്മിക്കുന്നതിനും , തുടർന്ന് WBNP ഗോതമ്പ് ലഭ്യമാകുന്ന മുറയ്ക്ക് ന്യൂട്രിമിക്സ് നിർമാണം പുനരാരംഭിക്കാവുന്നതാണെന്നും കുടുംബശ്രീ യൂണിറ്റുകളെ അറിയിക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്കും
എല്ലാ സൂപ്പർവൈസർമാർക്കും

പകർപ്പ്.

1. എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
2. എല്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
3. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. സ്റ്റോക്ക് ഫയൽ/സ്പെയർ